# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2327** **08.05.2017 ൽ മറുപടിയ്ക്ക്**

**എസ്.എസ്.എ. യുടെ കീഴിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് എസ്.എസ്.എ.യുടെ കീഴിൽ ബി.ആർ.സി ട്രയിനർമാരെയും റിസോഴ്സ് അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ടോ; ഇവരുടെ നിയമനരീതി എങ്ങനെയാണ്; ഡെപ്യൂട്ടേഷൻ വഴിയും വർക്കിംഗ് അറേഞ്ച്മെൻറിലും എത്ര പേരെ വീതം നിയമിച്ചു; | എ) | ഉണ്ട് ; റിസോഴ്സ് അധ്യാപകരെ കോൺട്രാക്ട് അടിസ്ഥാനത്തിലും ബി.ആർ.സി.ട്രെയിനർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുമാണ് സർവ്വശിക്ഷാ അഭിയാനിൽ നിയമിക്കുന്നത്. വർക്കിംഗ് അറേഞ്ച്മെന്റിൽ സാധാരണ എസ്.എസ്.എ യിൽ നിയമനം നടത്താറില്ല. എന്നാൽ പ്രൊട്ടക്ടഡ് അധ്യാപകരെ ട്രെയിനർമാരായി വർക്കിംഗ് അറേഞ്ച്മെന്റിൽ വിദ്യാഭ്യാസ വകുപ്പ് നിയമിക്കുന്നു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും വർക്കിംഗ് അറേഞ്ച്മെന്റിലും ജില്ലകളിൽ സേവനമനുഷ്ടിക്കുന്നവരുടെ പട്ടിക ചുവടെചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 60 |
| കൊല്ലം | - 69 |
| പത്തനംതിട്ട | -43(ഇതിൽ6 പേർ വർക്കിംഗ് അറേഞ്ച്മന്റ്) |
| ആലപ്പുഴ | - 41 |
| കോട്ടയം | - 62 |
| ഇടുക്കി | - 43 |
| എറണാകുളം | - 74 |
| തൃശൂർ | - 61 |
| പാലക്കാട് | - 64 |
| മലപ്പുറം | - 90 |
| കോഴിക്കോട് | - 33 |
| വയനാട് | - 15 |
| കണ്ണൂർ | - 45 |
| കാസർഗോഡ് | - 33 |
| ആകെ | - 733 |

======

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എയിൽ നിയമിച്ച മുഴുവൻ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിശദമായ വിവരം ലഭ്യമാക്കുമോ; | ബി) | <u>എസ്.എസ്.എ. സംസ്ഥാന ഓഫീസ്</u><br>അധ്യാപക തസ്തികകൾ ഇല്ല<br>അനധ്യാപക തസ്തികകൾ = 7 (ക്ലറിക്കൽ സ്റ്റാഫ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ)<br><u>ജില്ലാ ഓഫീസുകൾ</u><br>കലാകായിക അധ്യാപകർ<br>(കരാർ അടിസ്ഥാനത്തിൽ) = 1938<br>അനധ്യാപകർ = 106 (ക്ലർക്ക്, പ്യൂൺ, ദിവസവേതനക്കാർ)<br>ആകെ = 2044<br>====== |

| | | | |
|---|---|---|---|
| സി) | ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റിലും അല്ലാത്ത നിയമനങ്ങളിൽ സംവരണം പാലിച്ചാണോ നിയമനം നടത്തിയത്; റിസോഴ്സ് അദ്ധ്യാപക നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടാണോ നിയമനം നടത്തിയത് ; സംവരണം പാലിക്കാതെ നടത്തിയ നിയമനങ്ങൾ എത്ര ; എസ്.എസ്.എ. കേരളത്തിൽ നിയമിച്ച മുഴുവൻ റിസോഴ്സ് അദ്ധ്യാപകരുടെയും വിവരം ലഭ്യമാക്കുമോ; | സി) | 2016-17 അധ്യയന വർഷത്തിൽ മുമ്പ് നിലവിലു ണ്ടായിരുന്ന റിസോഴ്സ് അധ്യാപകരുടെ കരാർ കാലാവധി 2017 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിട്ടുണ്ട്. മുൻകാലങ്ങളിൽ നിയമിച്ചിരുന്ന റിസോഴ്സ് അ ദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നതിനാൽ സംവരണം പാലിച്ചിട്ടില്ല. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ 795 റിസോഴ്സ് അധ്യാപകരും സംസ്ഥാന സർക്കാർ അംഗീകാരം നൽകിയ 491 പേരും റിസോഴ്സ് അദ്ധ്യാപകരായി പ്രവർത്തിക്കുന്നു. ഇപ്രകാരം റിസോഴ്സ് അധ്യാപകരുടെ ആകെ എണ്ണം - 1286 . |
| ഡി) | എസ്.എസ്.എ.യുടെ ഓരോ ജില്ലാ ഓഫീസുകളിലും സംസ്ഥാന ഓഫീസുകളിലും ക്വട്ടേഷൻ വിളിക്കാതെ എത്ര തുകയുള്ള സാധനങ്ങൾ 2016 ജൂൺ മുതൽ വാങ്ങി എന്നതിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ; | ഡി) | എസ്.എസ്.എ സംസ്ഥാന ഓഫീസിലും, ജില്ലാ ഓഫീസുകളിലും 2016 ജൂൺ മുതൽ ക്വട്ടേഷൻ ക്ഷണിക്കാതെ സാധനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ 2.2.16 ലെ സർക്കാർ ഉത്തരവ് (പി) നം. 1/2006/എസ്.പി.ഡി പ്രകാരം കെൽട്രോണിൽ നിന്നും പർച്ചേസ് നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിക്കേണ്ട ആവശ്യ മില്ലാത്തതു കൊണ്ട് കെൽട്രോണിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ തന്നെ പർച്ചേസ് നടത്തിയിട്ടുണ്ട്. |
| ഇ) | ക്വട്ടേഷൻ വിളിക്കാതെ നടത്തിയ പ്രിൻറിംഗ് ജോലികൾ ഏതെല്ലാം; വ്യക്തമായ വിവരം ലഭ്യമാക്കുമോ? | ഇ) | 27.11.2003 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം.1697/2003/എച്ച്.ഇ.ഡി.എൻ പ്രകാരം എസ്.എസ്.എ. യുടെ കീഴിൽ വരുന്ന അച്ചടി ജോലികൾ നിർവഹിക്കുന്നത് ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളാണ്. |

സെക്ഷൻ ഓഫീസർ